# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 404

## 24.01.2018 ലെ മറുപടിക്ക്

**<u>ലൈഫ് മിഷൻ പദ്ധതിയിൽ ആസ്തി വികസന നിധിയിൽ നിന്നുള്ള വിനിയോഗം</u>**

| | ചോദ്യം<br>ശ്രീ.എം. മുകേഷ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ ഭൂരഹിത-ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച നൽകുന്ന പദ്ധതിയിൽ സർക്കാരിന്റേയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതത്തിനൊപ്പം എം.എൽ.എ. യുടെ ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സാധിക്കുമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത ഫണ്ട് മറ്റു ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി, ചലഞ്ച് ഫണ്ട് പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി എന്നിവയുമായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ മാനദണ്ഡങ്ങളിൽ ഇളവു വരുത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതത്തിനൊപ്പം ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ